MATHRUBHUMI 05-09-2024

# മത്സ്യത്തൊഴിലാളികൾക്ക് സിഫ്റ്റ് മീൻപിടിത്ത ഉപകരണങ്ങൾ നൽകി

തോപ്പുംപടി ▸ കേന്ദ്ര മത്സ്യ സാങ്കേതികഗവേഷണ സ്ഥാപനമായ സിഫ്റ്റിന്റെ നേതൃത്വത്തിൽ പട്ടികജാതിയിൽപെട്ട മത്സ്യത്തൊഴിലാളികൾക്ക് മീൻപിടിത്ത സാമഗ്രികൾ നൽകി. ചെല്ലാനം-കണ്ടക്കടവ് മത്സ്യത്തൊഴിലാളി ക്ഷേമവികസന സഹകരണ സംഘത്തിന്റെ സഹകരണത്തോടെയായിരുന്നു വിതരണം.




▶ സിഫ്റ്റിന്റെ നേതൃത്വത്തിൽ മത്സ്യത്തൊഴിലാളികൾക്ക് മീൻപിടിത്ത ഉപകരണങ്ങൾ നൽകുന്ന ചടങ്ങ് ഹൈബി ഈഡൻ എം.പി. ഉദ്ഘാടനം ചെയ്യുന്നു

കേന്ദ്രസർക്കാരിന്റെ പട്ടികജാതി വിഭാഗങ്ങൾക്കായുള്ള പദ്ധതിപ്രകാരം, മീൻപിടിത്ത ഉപകരണങ്ങളായ ഫൈബർ റീഇൻഫോഴ്‌സ്ഡ് പ്ലാസ്റ്റിക് വള്ളം, ഔട്ട്ബോർഡ് എൻജിനുകൾ, കോരുവലകൾ, വലകൾക്ക് ആവശ്യമായ സാധനങ്ങൾ, സുരക്ഷാ ഉപകരണങ്ങൾ തുടങ്ങിയവയാണ് നൽകിയത്. ചടങ്ങ് ഹൈബി ഈഡൻ എം.പി. ഉദ്ഘാടനം ചെയ്തു. സിഫ്റ്റ് ഡയറക്ടർ ഡോ. ജോർജ് നൈനാൻ അധ്യക്ഷത വഹിച്ചു. ഫിഷിങ് ടെക്നോളജി വിഭാഗം മേധാവി ഡോ. എം.പി. രമേശൻ, എക്സ്റ്റൻഷൻ ഇൻഫർമേഷൻ ആൻഡ് സ്റ്റാറ്റിസ്റ്റിക്സ് വിഭാഗം മേധാവി ഡോ. നികിത ഗോപാൽ, സീനിയർ സയന്റിസ്റ്റ് ഡോ. മഞ്ജു ലക്ഷ്മി, ചെല്ലാനം-കണ്ടക്കടവ് മത്സ്യത്തൊഴിലാളി ക്ഷേമവികസന സഹകരണസംഘം പ്രസിഡന്റ് പി.വി. വിൽസൺ, വി.എസ്. പൊടിയൻ, ടി.വി. ഷിജി തയ്യിൽ, പഞ്ചായത്തംഗം സിംല ജോസി, ഓമന ബെർളി, കെ.ആർ. വിൻസെന്റ്, എ.എക്സ്. ജോസഫ്, സെക്രട്ടറി ഷൈനി പീറ്റർ തുടങ്ങിയവർ സംസാരിച്ചു.